**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **30-01-2024 - ൽ മറുപടിയ്ക്ക്**

**സേവനം വാതിൽപ്പടിയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി. സേവനം വാതിൽപ്പടിയിൽ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്തു കെ. എസ്. ഇ. ബി., സേവനം വാതിൽപ്പടിയിൽ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ തുടക്കമിടുകയും പിന്നീട് ജൂലൈ 2021 മുതൽ പൂർണമായും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. സേവനങ്ങൾ ലഭിക്കുന്നതിന്, സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ, ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ, ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടു പോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും. ഇതിനായി ജീവനക്കാർക്കുള്ള മൊബൈൽ ആപ്പ് നിലവിൽ ഉണ്ട്. ഈ ആപ്പ് ഉപയോഗിച്ചു ജീവനക്കാർക്ക് സേവനം ആവശ്യമുള്ള വ്യക്തിയുടെ സ്ഥലത്തു പോയി ആവശ്യമായ രേഖകൾ പരിശോധിക്കുവാനും, സ്ഥല പരിശോധന നടത്തി ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഉടൻ തന്നെ കേന്ദ്രീകൃത സെർവർ കംപ്യൂട്ടറിൽ രേഖപ്പെടുത്തുവാനും കഴിയും. ഇത് ഉപയോഗിച്ചു സെക്ഷൻ ഓഫീസിൽ നിന്ന് അനന്തരനടപടികൾ എടുക്കുവാൻ സാധിക്കും. തുടർന്ന് ഉപഭോക്താവ് നിശ്ചിത തുക ഒടുക്കി സേവനം ലഭ്യമാക്കാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ 14 ജില്ലകളിലും ‘സേവനം വാതിൽപ്പടിയിൽ ’ സേവനം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിലെ ഏതൊക്കെ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ? | (സി) | മലപ്പുറം ജില്ലയിലെ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും ഈ സേവനം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിലൂടെ പുതിയ വൈദ്യുതി കണക്ഷൻ, ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ് മാറ്റം, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻനീട്ടൽ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ